# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 8037 — 24.07.2012- ൽ മറുപടിക്ക്

**സഹകരണ സ്ഥാപനങ്ങളിൽ പേപ്പർ ബാഗുകൾ, തുണിസഞ്ചികൾ എന്നിവയുടെ ഉപയോഗം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ. അച്ചുതൻ :<br>ശ്രീ. ലൂഡി ലൂയിസ് :<br>ശ്രീ.എം. പി. വിൻസെന്റ് :<br>ശ്രീ. സണ്ണി ജോസഫ് : | | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) | സഹകരണ മേഖലയിലെ സ്ഥാപനങ്ങളിൽ പേപ്പർ ബാഗുകൾ, തുണിസഞ്ചികൾ എന്നിവയുടെ ഉപയോഗം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ; | എ) | ഉണ്ട്. ത്രിവേണി സ്റ്റോറുകൾ, നീതി സ്റ്റോറുകൾ തുടങ്ങി സഹകരണ മേഖലയിലെ സ്ഥാപനങ്ങളിൽ പ്ലാസ്റ്റിക് ഉപയോഗം പരമാവധി കുറയ്ക്കുകയും പേപ്പർ ബാഗുകൾ, തുണി സഞ്ചികൾ എന്നിവയുടെ ഉപയോഗം വർദ്ധിപ്പിയ്ക്കുകയും ചെയ്യുന്ന കാര്യം പരിഗണനയിലുണ്ട്. |
| ബി) | ഇതുകൊണ്ട് എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) | പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറച്ച് പരിസര മലിനീകരണം ഒഴിവാക്കാൻ സാധിക്കും. കൂടാതെ സഹകരണ മേഖലയിൽ രൂപീകരിച്ചിട്ടുള്ള സ്വയം സഹായഗ്രൂപ്പുകളുടെ സാമ്പത്തിക ഉന്നമനത്തിനും ഇതു സഹായകരമാകും. |
| സി) | ഇതിനായി എന്തെല്ലാം പ്രാരംഭനടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ? | സി) | ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ട നിർദ്ദേശം കൺസ്യൂമർ ഫെഡറേഷന് നൽകിയിട്ടുണ്ട്. സഹകരണ മേഖലയിൽ പൊതുവായി ഇക്കാര്യം നടപ്പിലാക്കുന്നതിന്, ഒരു പദ്ധതി ആവിഷ്കരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ